(സി) കെ.എസ്.ആർ.ടി.സി. യുടെ എത്ര ട്രിപ്പുകൾ കടയ്ക്കലിൽ എത്തുന്നുണ്ട് എന്നറിയിക്കുമോ;

(ഡി) ഇതുവഴിയുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ സമയനിഷ്ഠ പാലിക്കുകയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്ത് കൂടുതൽ കളക്ഷൻ ഉണ്ടാക്കുന്നതിലേക്കായി ഒരു സ്റ്റേഷൻ മാസ്റ്റർ ആഫീസ് കടയ്ക്കൽ സറാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിതുര, പാലോട്, കിളിമാനൂർ, പുനലൂർ, കൊട്ടാരക്കര, ആറ്റിങ്ങൽ, ചടയമംഗലം എന്നീ ബസ് സ്റ്റേഷനിൽനിന്നാണ് സർവ്വീസ് നടത്തുന്നത്.

(ബി) 24 ട്രിപ്പുകൾ കടയ്ക്കൽ വഴി കടന്നുപോകുന്നുണ്ട്.

(സി) 64 ട്രിപ്പുകൾ കടയ്ക്കലിൽ എത്തിച്ചേരുന്നുണ്ട്. ഇതുകൂടാതെ 24 ട്രിപ്പുകൾ ഇതുവഴി കടന്നുപോകുന്നുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണത്തിന് എം. എൽ. എ. ഫണ്ട്

57 [1382] *ശ്രീ. ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഡിപ്പോയുടെ നിർമ്മാണത്തിനായി എം.എൽഎ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 18 ലക്ഷം രൂപ അനുവദിച്ചിട്ടും ഈ തുക ഉപയോഗിക്കുന്നതിനുള്ള അനുമതി ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ നിർമ്മാണത്തിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നതിന് നിലവിലുള്ള വിലക്ക് നീക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡിപ്പോ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി സ്ഥലം കെ. എസ്. ആർ. ടി. സി.ക്ക് കൈമാറിയശേഷം പ്രവർത്തനം ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എം. എൽ എ. ഫണ്ട് ഉപയോഗിച്ച് കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly